നർമ്മദ സമരം 25 വർഷങ്ങൾ

**എങ്ങിനെയാണ് മരുഭൂമികൾ ഉണ്ടായത് എന്നതിന്റെ ദൃഷ്ടാന്തം കൂടിയാണ് നർമ്മദ സമരം. മരുഭൂമികളുണ്ടാകുന്നത് മനുഷ്യന്റെ ആർത്തിയിൽ നിന്നാണെന്ന പാഠമാണ് തകർന്നടിഞ്ഞ പുരാതനസംസ്കാരങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. എന്റെ പാരിസ്ഥിതിക വിജ്ഞാനത്തിലെ ഏറ്റവും ശ്രേഷ്ഠമായ ഈ അറിവ് നർമ്മദയിൽ നിന്നുമാണ് എനിക്ക് കിട്ടിയത്. അതാണ് നർമ്മദയുമായുള്ള എന്റെ ആത്മബന്ധം. എ. മോഹൻകുമാർ വിലയിരുത്തുന്നു**

# ചരിത്രം തിരുത്തിയെഴുതിയ നർമ്മദ സംസ്കാരം

ഒരു നിയോഗം പോലെയാണ് ഞാൻ 25-ാം വാർഷികത്തിൽ പങ്കെടുക്കാൻ ഇവിടെ എത്തിച്ചേർന്നിരിക്കുന്നത്. നർമ്മദയെക്കുറിച്ച് ആദ്യം അറിയുന്നത് അനുപം മിശ്രയുടെ ലോകസത്തയിൽ വന്ന ലേഖനത്തിൽ നിന്നാണ്. പശ്ചിമഘട്ട രക്ഷായാത്രയുടെ ഒരുക്കങ്ങൾ നടക്കുന്നതിന് മുമ്പ് ഗോവയിൽ വച്ച് നടന്ന ദക്ഷിണേന്ത്യയിലെ പരിസ്ഥിതി പ്രവർത്തകരുടെ ഒരു മീറ്റിംഗിൽ ഞാൻ അനുപം മിശ്രയിൽ നിന്നും നേരിട്ട് നർമ്മദ വിഷയത്തെക്കുറിച്ച് കൂടുതൽ മനസിലാക്കി. അന്ന് നർമ്മദ ബച്ചാവോ ആന്ദോളൻ നിലവിലില്ല. നർമ്മദ ധരം ഗ്രസ്ഥ് സമിതി മാത്രമാണുള്ളത്. ഡോ. കുൽക്കർണ്ണി, റാവർജി തുടങ്ങിയവരൊക്കെയാണ് നേതൃത്വത്തിലുള്ളത്. ഇൻഡോറിന്റെ സമീപ പ്രദേശത്താണ് ആദ്യ അണക്കെട്ട് വരുന്നത്. 3300ൽ അധികം അണക്കെട്ടുകളാണ് നർമ്മദയുടെ 990 പോഷക നദികളിലായി കെട്ടാൻ പോകുന്നത് എന്ന് ഞാൻ അറിഞ്ഞു. മനുഷ്യനിർമ്മിതമായ ഇത്രവലിയ ഒരു പാരിസ്ഥിതിക ദുരന്തം ലോകചരിത്രത്തിൽ അതുവരെ വേറെയുണ്ടായിട്ടില്ല. ദുരന്തത്തിന്റെ ആഴം തിരിച്ചറിഞ്ഞ് ഞാനും നർമ്മദയിൽ എത്തി.

സർദാർ സരോവർ അണക്കെട്ടിനോട് ചേർന്ന് കിടക്കുന്ന ശൂർപ്പണേശ്വരിലെ ഒരു പരിപാടിക്കാണ് ആദ്യം എത്തുന്നത്. സർദാർ സരോവർ പ്രൊജക്ടിലെ ഉദ്യോഗസ്ഥൻമാർക്ക് താമസിക്കുന്നതിനായി ഗുജറാത്തിലെ കോവടിയ എന്ന കോളനിയിലെ ജനങ്ങളെ കുടിയൊഴിപ്പിച്ച പ്രശ്നത്തിൽ ഇടപെട്ടുകൊണ്ട് മേധപട്കർ ഈ വിഷയത്തിൽ സജീവമായിത്തുടങ്ങുന്ന സമയമായിരുന്നു അത്. മേധയുടെ ഇടപെടലിനെ തുടർന്ന് ഐഐടികളിൽ നിന്നും പഠിച്ചിറങ്ങിയ എൻജിനിയർമാരും സോഷ്യൽ വർക്ക് വിദ്യാർത്ഥിക

ളുമടക്കം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും നിരവധി ചെറുപ്പക്കാരും നർമ്മദയിലേക്ക് എത്താൻ തുടങ്ങി. മേധയുടെ കൂടെ പ്രവർത്തിക്കുന്നത് ജീവിതാഭിലാഷമായി കരുതിയിരുന്ന ചെറുപ്പക്കാരുടെ ഒഴുക്കുതന്നെ നർമ്മദയിലേക്കുണ്ടായി.

### സംസ്കാരത്തിന്റെ കരുത്ത്

ഈ പ്രദേശത്തിന്റെ സംസ്കാരത്തെക്കുറിച്ച് പഠിക്കാനാണ് മേധ ആദ്യം എന്നോട് ആവശ്യപ്പെട്ടത്. അതിനുള്ള ശ്രമങ്ങൾ തുടങ്ങിയ ഞാൻ ആദ്യം ചരിത്രം മനസ്സിലാക്കാനാണ് ശ്രമിച്ചത്. പതിനായിരം വർഷമെങ്കിലും പാരമ്പര്യമുള്ള ഒരു ജനതയാണ് ഇവിടെ നിലനിൽക്കുന്നതെന്ന് അപ്പോഴാണ് മനസ്സിലാക്കിയത്. പതിനായിരം വർഷത്തിന്റെ പാരിസ്ഥിതിക ചരിത്രം നർമ്മദാ തടത്തിനുണ്ട്. ഹാരപ്പ-മോഹൻജദാരോയോടൊപ്പം പിറന്നുവീണ ഒരു സംസ്കാരമാണ് നർമ്മദ നദീതടത്തിന്റേത്. ഹാരപ്പ-മോഹൻജദാരോ സംസ്കാരം ഇന്ന് ഒരു ചരിത്രപാഠം മാത്രമാണ്. അതേസമയം അത്രയും പഴക്കമുള്ള ഒരു സംസ്കാരവും ജനതയും ഇവിടെ ഇന്നും നിലനിൽക്കുകയാണ്. എന്തുകൊണ്ടാണ് ഒരേ പഴക്കമുള്ള സംസ്കാരത്തിൽ ഒന്നുമാത്രം നിലനിൽക്കുകയും ഒന്ന് നശിച്ചുപോവുകയും ചെയ്തത്? ജലസിന്ധി സത്യാഗ്രഹത്തിലും ഡോംഗഡി സത്യാഗ്രഹത്തിലുമെല്ലാം പങ്കെടുക്കുന്നതിനായി നർമ്മദയിലെ ഗ്രാമങ്ങളിലേക്ക് പോയപ്പോഴാണ് അതിന് ഉത്തരം കിട്ടിയത്.

കുട്ടികളോട് ചോദിച്ച് അവരുടെ ബാവറി ഭാഷ കുറച്ചെല്ലാം ഞാൻ വശത്താക്കി. കുട്ടികൾക്ക് ഒരോ വസ്തുവിന്റെയും ചിത്രങ്ങൾ വരച്ചുകൊടുത്ത് അതെന്താണെന്ന് അവരെക്കൊണ്ട് പറയിച്ചാണ് ഞാൻ ഭാഷ പഠിച്ചെടുത്തത്. കുറച്ച് നാളുകൾക്കുള്ളിൽ ബാവറിയും ഹിന്ദിയുമെല്ലാം കലർന്ന ഭാഷയിൽ ഞാൻ അവരോട് സംസാരിച്ച് തുടങ്ങി. ഡോലാവസാവ എന്ന ഡോംഗഡിയിലെ ഗ്രാമമുഖ്യന്റെ അനുജൻ ഈ ഭൂമിയിൽ തനിക്ക് മുമ്പ് എത്ര തലമുറ ജീവിച്ചിരുന്നിട്ടുണ്ടാകും എന്ന് പറയാൻ കഴിയുമോ എന്ന് ചോദിച്ചു. അതിന് ശേഷം മാടുകളെ തീറ്റുന്നതിനായി അദ്ദേഹം അവയേയും കൂട്ടി അവിടെനിന്നുമിറങ്ങി. അരമണിക്കൂർ കഴിഞ്ഞ് മടങ്ങിവന്നപ്പോൾ ചോദ്യത്തിനുത്തരം കിട്ടിയോ എന്ന് എന്നോട് ചോദിച്ചു. മറ്റുപല ചിന്തകളിലേക്കും കടന്ന ഞാൻ അപ്പോഴേക്കും ഈ സംഭവം മറന്ന് പോയിരുന്നു. സാരമില്ലെന്ന് പറഞ്ഞ് അദ്ദേഹം മറ്റൊരു ചോദ്യം ചോദിച്ചു. ഈ ഭൂമി ഇതേപോലെ ഇവിടെ നിലനിൽക്കുകയാണെങ്കിൽ എനിക്ക് ശേഷം എത്ര തലമുറയ്ക്ക് ഇവിടെ ജീവിക്കാൻ കഴിയും എന്ന് കണക്ക്കൂട്ടി പറയാമോ എന്നായിരുന്നു അടുത്ത ചോദ്യം. അദ്ദേഹം വീണ്ടും ആടുകളെ തീറ്റുന്നതിനായി പോയി. അപ്പോഴാണ് അദ്ദേഹത്തിന്റെ ചോദ്യത്തെക്കുറിച്ച് ഞാൻ ചിന്തിച്ചുതുടങ്ങുന്നത്. എന്റെ കണ്ണുതുറപ്പിക്കുന്ന ഒരു ചോദ്യമായിരുന്നു അത്.

### ഭൂമിയുടെ ആയുസ്സ്

ഭൂമിയുടെ ആയുസ്സ് എങ്ങിനെയാണ് എന്നത് ഇതുവരെ ഒരു പരിസ്ഥിതി പുസ്തകത്തിലും വ്യക്തമായി രേഖപ്പെടുത്താത്ത കാര്യമാണ്. നർമ്മദ താഴ്വരയുടെ പാരിസ്ഥിതിക ചരിത്രത്തിലേക്ക് ആ ചോദ്യം എന്നെ കൂട്ടിക്കൊണ്ടുപോയി. പലതരം മാറ്റങ്ങളിലൂടെയും പ്രകൃതി ദുരന്തങ്ങളിലൂടെയും ഭൂമി കടന്നുപോയിട്ടും ഈ ജനതയും അവരുടെ സംസ്കാരവും ഇവിടെ നിലനിൽക്കാനുള്ള കാരണങ്ങളിലേക്ക് എന്റെ ആലോചനകളെത്തി. ചെന്നെത്താൻ ഒരു റോഡുപോലുമില്ലാത്ത ഗ്രാമങ്ങളാണ് ഏറെയും. സ്കൂളില്ല, റേഷൻകടയില്ല, പോസ്റ്റോഫീസില്ല, പോലീസ്സ്റ്റേഷനില്ല, കള്ളുഷാപ്പില്ല. എന്നിട്ടും പതിനായിരം വർഷങ്ങൾക്ക് ശേഷവും ജനങ്ങൾ അവിടെ സുഖമായി ജീവിക്കുന്നു. പരസ്പര സഹകരണത്തോടെ, പങ്കാളിത്തത്തോടെ സാമൂഹിക ജീവിതം നയിക്കാനുള്ള കഴിവാണ് അവരെ അതിന് പ്രാപ്തരാക്കുന്നതെന്ന് ഞാൻ തിരിച്ചറിഞ്ഞു.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ചെറുപ്പക്കാരെയാണ് നമ്മുടെ നാട്ടിൽ കൃഷി ഏൽപ്പിക്കാറുള്ളത്. ഏറ്റവും മോശക്കാരായാണ് അവർ പരിഗണിക്കപ്പെടുന്നത്. എന്നാൽ നർമ്മദാ സംസ്കാരത്തിൽ കൃഷിക്ക് മഹത്തായ സ്ഥാനമാണുള്ളത്. ജലസിന്ധി ഗ്രാമത്തിൽ സത്യാഗ്രഹം നടക്കുമ്പോൾ കണ്ട ഒരു കാഴ്ച ഞാൻ ഓർക്കുന്നു. നാലഞ്ച് ഏക്കർ കുത്തനെ കിടക്കുന്ന ഭൂമി ഒരാൾ കാളയേയും കൊണ്ട് ഉഴുന്നു. സത്യാഗ്രഹ പന്തലിന്റെ അടുത്ത് നിന്നും അങ്ങേയറ്റം വരെ ഒരുചാൽ ഉഴുത് വരാൻ അരമണിക്കൂറെടുക്കും. അയാൾ തിരിച്ചെത്തുന്നതോടെ വേറൊരു ചെറുപ്പക്കാരൻ കലപ്പയുമായി അടുത്തചാൽ ഉഴാനായി പോകും. ഇങ്ങിനെ ഓരോ ചാൽ ഉഴുമ്പോഴും കലപ്പ അവർ കൈമാറിക്കൊണ്ടേയിരിക്കും. ഈയൊരു പങ്കുവയ്ക്കലാണ് അവരുടെ സംസ്കാരത്തിന്റെ പ്രത്യേകത.

അതുപോലെ നിങ്ങൾ എപ്പോൾ ഗ്രാമത്തിലേക്ക് ചെന്നാലും ഭക്ഷണം കഴിച്ചിരുന്നോ എന്നായിരിക്കും അവർ ആദ്യം അന്വേഷിക്കുന്നത്. മലയാളിയുടെ സ്വഭാവമനുസരിച്ച് കഴിച്ചിട്ടില്ല എന്നാണ് നമ്മൾ ആദ്യം പറയുന്നത്. വേണ്ട എന്ന് ഇവിടെ പറഞ്ഞാൽ അവർ രണ്ടാമത് ഒരിക്കൽക്കൂടി ചോദിക്കില്ല. വേണ്ട എന്ന് പറഞ്ഞാൽ വേണ്ട എന്നുതന്നെയാണ് ഇവിടെ അർത്ഥം. നമ്മൾ കഴിച്ചിട്ടില്ലെങ്കിൽ സത്യസന്ധമായി വേണമെന്ന് പറഞ്ഞാൽ അവർ ഉടൻ അടുപ്പിന്റെ മുകളിൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്ന മക്കാചോളമെടുത്ത് നമ്മുടെ കൺമുന്നിൽ വച്ചുതന്നെ കുതിർത്ത്, കുടത്തിലിട്ട് പാറ്റി, കല്ലിലിട്ട് അരച്ച് മാവാക്കി ഒരു മണിക്കൂറിനുള്ളിൽ റൊട്ടിയും പരിപ്പ് കറിയും തയ്യാറാക്കിത്തരും. മുളകും ഉപ്പും മാത്രമാണ് കറിയിൽ ചേർക്കാറുള്ളത്. എന്നിട്ടും അസാധ്യമായ രുചിയാണ് അതിനുള്ളത്. ഈ ഭക്ഷണം നൽകലും അവരുടെ സംസ്കാരത്തിന്റെ ഭാഗമാണ്.

മഹുവ മരമാണ് ആ ഗ്രാമത്തിന്റെ കൽപ്പവൃക്ഷം. മഹുവയുടെ പൂവ് ശേഖരിച്ച് അവർ മദ്യമുണ്ടാക്കും. അതേ പൂവ് തന്നെ പായസമുണ്ടാ



**പലതരം മാറ്റങ്ങളിലൂടെയും പ്രകൃതി ദുരന്തങ്ങളിലൂടെയും ഭൂമി കടന്നു പോയിട്ടും ഈ ജനതയും അവരുടെ സംസ്കാരവും ഇവിടെ നിലനിൽക്കാനുള്ള കാരണങ്ങളിലേക്ക് എന്റെ ആലോചനകളെത്തി. ചെന്നെത്താൻ ഒരു റോഡുപോലുമില്ലാത്ത ഗ്രാമങ്ങളാണ് ഏറെയും. സ്കൂളില്ല, റേഷൻകടയില്ല, പോസ്റ്റോഫീസില്ല, പോലീസ്സ്റ്റേഷനില്ല, കള്ളുഷാപ്പില്ല. എന്നിട്ടും പതിനായിരം വർഷങ്ങൾക്ക് ശേഷവും ജനങ്ങൾ അവിടെ സുഖമായി ജീവിക്കുന്നു. പരസ്പര സഹകരണത്തോടെ, പങ്കാളിത്തത്തോടെ സാമൂഹിക ജീവിതം നയിക്കാനുള്ള കഴിവാണ് അവരെ അതിന് പ്രാപ്തരാക്കുന്നതെന്ന് ഞാൻ തിരിച്ചറിഞ്ഞു.**

ക്കാനും ഉപയോഗിക്കും. അതിന്റെ കായ വെണ്ണയുണ്ടാക്കാനായി ഉപയോഗിക്കും. അവർക്ക് വേണ്ടുന്ന ലഹരി, മധുരം എല്ലാം നൽകുന്നത് മഹുവ മരമാണ്. എല്ലാ ഗ്രാമത്തിലും മരമുണ്ടാകണമെന്നില്ല. നിങ്ങളുടെ ഗ്രാമത്തിൽ മഹുവയില്ലെങ്കിൽ മഹുവമരം അധികമുള്ള ഗ്രാമക്കാർ ഒരു മരം നിങ്ങൾക്കായി മാറ്റിവയ്ക്കും. അതിലുണ്ടാകുന്ന പൂവ് നിങ്ങൾക്കെടുക്കാം. അതുപോലെ മണ്ണുരുളകൊണ്ട് ഓടക്കുഴലുണ്ടാക്കുന്ന കുട്ടികളുടെ കരവിരുതും എടുത്തു പറയേണ്ട ഒന്നാണ്. പുഴയിലെ ചെളികോരിയെടുത്തുണ്ടാക്കുന്ന ഓടക്കുഴലിൽ നിന്നും എത്രമധുരമായ സംഗീതമാണ് അവർ തീർക്കുന്നത്. അതെല്ലാം നർമ്മദാ നദീതട സംസ്കാരത്തിന്റെ മനോഹരമായ ചിഹ്നങ്ങളാണ്. ജനതയുടെ സ്വാശ്രയത്വമാണ് എടുത്ത് പറയേണ്ട മറ്റൊരു കാര്യം. മൂന്ന് വർഷത്തേക്കുള്ള ധാന്യങ്ങൾ അവർ സൂക്ഷിച്ച് വയ്ക്കാറുണ്ട്.


ഒരു വീട്ടിൽ അമ്പതോളം ആടും പശുവുമെല്ലാമുണ്ടാകും. എന്നാൽ എത്രലിറ്റർ പാൽ കിട്ടുമെന്നും എത്ര ലിറ്റർ പാൽ വിൽക്കുമെന്നും ചോദിച്ചാൽ അവർ ചിരിക്കും. കാളയ്ക്ക് വേണ്ടിയാണ് അവർ പശുവിനെ വളർത്തുന്നത്. ആണ്ടിലൊരിക്കൽ ഉഴാൻ വേണ്ടി മാത്രമാണ് അവർ കാളയെ ഉപയോഗിക്കുന്നത്. ആവശ്യമുള്ളതിലും അധികമുള്ള കാളകളെ അവർ വിൽക്കും. ആ പണം കൊണ്ടാണ് അവർ ശൂർപ്പണേശ്വരിലും ഓങ്കാരേശ്വരിലുമെല്ലാമുള്ള മേളകളിൽ പങ്കെടുക്കുന്നത്. ഒരു വർഷത്തേക്ക് അവർക്ക് വേണ്ട വസ്ത്രമുൾപ്പെടെയുള്ള മറ്റ് സാധനങ്ങൾ അവിടെ നിന്നുമാണ് അവർ വാങ്ങുന്നത്. എല്ലാം കഴിഞ്ഞ് ബാക്കിയുള്ള തുകയ്ക്ക് വെള്ളി ആഭരണങ്ങൾ കൂടിവാങ്ങിയാണ് അവർ മേള കഴിഞ്ഞ് തിരികെ വരുന്നത്. നിങ്ങളുടെ ഗ്രാമത്തിലേക്ക് എത്ര ദൂരമുണ്ടെന്ന് ചോദിച്ചാൽ ഒരു ദിവസത്തെ ദൂരമെന്ന് നിർവികാരമായി പറയുന്ന നിഷ്കളങ്കരായ ഗ്രാമീണർ.

### മേധ താഴ്‌വരയിലെത്തുന്നു

അണക്കെട്ട് വരുന്ന കാര്യം ഗ്രാമീണർക്ക് ആദ്യമറിയില്ലായിരുന്നു. കോൺട്രാക്ടർമാർ വന്ന് മരം മുറിക്കുമ്പോഴാണ് എന്തോ സംഭവിക്കാൻ പോകുന്ന സൂചനകൾ കിട്ടുന്നത്. ആ സമയത്താണ് പഠനത്തിന്റെ ഭാഗമായുള്ള ഗവേഷണത്തിനായി മേധ നർമ്മദയിലെത്തുന്നത്. നർമ്മദയിലെ ഗ്രാമങ്ങളിലെല്ലാം നടന്ന് കാര്യങ്ങൾ മനസിലാക്കിയപ്പോൾ അവർക്ക് തിരികെ പോകാൻ കഴിയാതായി. ഗവേഷണമെല്ലാം അവസാനിപ്പിച്ച് ഓരോ വീടുകളിലും കയറി സംസാരിക്കാൻ തുടങ്ങി. പുറത്ത് നിന്നും വന്ന ഒരു സ്ത്രീയെ വീടിനുള്ളിൽ കയറ്റാൻ ആദ്യം ഗ്രാമീണർക്ക് ഭയമായിരുന്നു. പക്ഷെ മേധ ഇടിച്ചുകയറി എല്ലാവരോടും സംസാരിച്ചു.

ഏതാനും മാസങ്ങൾക്ക് ശേഷം ഞാൻ കാണുന്നത് മേധ അടുക്കളയിൽ കയറി ഭക്ഷണമുണ്ടാക്കി അവർക്ക് കൊടുക്കുന്നതാണ്. മരത്തിന്റെ ചുവട്ടിലായിരുന്നു അന്ന് മേധ ഉറങ്ങിയിരുന്നത്. നാളുകൾക്കുള്ളിൽ എവിടെയും എപ്പോൾ വേണമെങ്കിലും കയറിച്ചെല്ലാവുന്ന മേധയുടെ ലോകമായി നർമ്മദയിലെ ഗ്രാമങ്ങൾ മാറി.

ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സോഷ്യൽ സയൻസിൽ നിന്നും പഠിച്ചിറങ്ങിയ പ്രവീണായിരുന്നു അന്ന് എന്റെയൊപ്പം എപ്പോഴുമുണ്ടായിരുന്നത്. ഡാം വന്നാൽ മുങ്ങിപ്പോകുന്ന ഗ്രാമങ്ങളിലൂടെയുള്ള യാത്രയിൽ ഒരു നേരം ഒരു റൊട്ടി മാത്രമായിരു



**ഇപ്പോഴും കേരളത്തിന്റെ നിറഞ്ഞ സാന്നിധ്യം നർമ്മദയി ലുണ്ട്. പക്ഷെ കേരളീയർ എന്ത് ഉൾക്കൊള്ളുന്നു എന്ന തിനെക്കുറിച്ച് എനിക്ക് സംശയമുണ്ട്. മേധയിൽ നിന്നും സാമൂഹ്യപ്രവർത്തകർക്ക് ഒരുപാട് പാഠങ്ങൾ പഠിക്കാനു ണ്ട്. എന്നാൽ കേരളം എത്രത്തോളം അതെല്ലാം സ്വാംശീകരിച്ചിട്ടുണ്ട് എന്നതിനെക്കുറിച്ച് സംശയമുണ്ട്. ചെറുസംഘങ്ങളായി ചുരുങ്ങിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് ഇന്ന് മലയാളികൾ.**
**എന്റേതായ ഒരു പ്രശ്നവും അതിലുണ്ട്. ഇത് ചെറുസംഘ ങ്ങളുടെയും സമഗ്രവ്യക്തിത്വങ്ങളുടെയും കാലമാണെന്ന് ഞങ്ങൾ വിളിച്ച് പറഞ്ഞിരുന്നു. കേരളത്തിൽ കൂട്ടായ്മ എന്ന പദത്തിന്റെ അർത്ഥം കൂട്ടം ചേരുക എന്നതല്ല, കൂട്ടത്തിൽ നിന്നും പലരേയും ഒഴിവാക്കുക എന്നതാണ്.**

ന്നു ഞങ്ങൾക്ക് ഭക്ഷണമായുണ്ടാ യിരുന്നത്. വിവിധ ഗ്രാമങ്ങളിൽ നി ന്നും ആളുകളെ ലോറികളിൽ കയ റ്റി ബഡ്വാനിയിൽ റാലിക്കായി എ ത്തിക്കുന്ന ചുമതല അന്ന് ഞങ്ങൾ ക്കായിരുന്നു. അണക്കെട്ടിനടുത്തു ള്ള ശൂർപ്പണേശ്വർ ക്ഷേത്രത്തിന്റെ ശ്രീകോവിൽ അന്ന് മുങ്ങിയിട്ടില്ല. എന്റെ രണ്ടാമത്തെ വരവിൽ ക്ഷേ ത്രത്തിന്റെ മുകൾ തട്ടിലുറപ്പിച്ചിരു ന്ന കൊടി മാത്രമാണ് കണ്ടത്. പി ന്നീട് വന്നപ്പോഴേക്കും ക്ഷേത്രം പൂർണ്ണമായും മുങ്ങികഴിഞ്ഞു.

തൊട്ടടുത്തുണ്ടായിരുന്ന മണി ബേലി ഗ്രാമത്തിൽ അന്ന് സത്യാഗ്ര ഹം നടക്കുകയാണ്. സഞ്ജയ് സാംഘ്വി എന്ന ചെറുപ്പക്കാരൻ അന്ന് അവിടെയുണ്ട്. കാര്യങ്ങളെ ല്ലാം വിശദമായി പഠിച്ചിരുന്ന അദ്ദേ ഹം പിന്നീട് നർമ്മദയെക്കുറിച്ച് പു സ്തകമെഴുതി. മണിബേലി സത്യാ ഗ്രഹത്തിന് പോകാൻ കഴിയാതെ വീട്ടിൽ ഒറ്റയ്ക്കിരുന്ന കുന്ത എന്ന പെൺകുട്ടിയെ പൊലീസുകാർ ബ ലാത്സംഗം ചെയ്ത സംഭവവും അ ക്കാലത്താണ് നടക്കുന്നത്. അണ ക്കെട്ടിന്റെ ഉയരം കൂടുന്നതിനനുസ രിച്ച് എല്ലാ വർഷവും ഓരോ ഗ്രാമ ങ്ങളായി മുങ്ങിത്തുടങ്ങി. ജലസമാ ധി എന്ന സമരമാർഗ്ഗം മേധ ആവി ഷ്കരിച്ച പ്രശസ്തമായ ഡോംഗടി സത്യാഗ്രഹം അന്നാണ് നടക്കുന്ന ത്. മുങ്ങിപ്പോകുമെന്നറിഞ്ഞിട്ടും 18 മണിക്കൂറാണ് മേധയുൾപ്പെടെയു ള്ള സമരപ്രവർത്തകർ അന്ന് വെള്ള ത്തിൽ നിന്നത്. മൂക്കറ്റം വെള്ളമെ ത്തിയപ്പോഴേക്കും അവരെ പൊലീ സ് ബലമായി പിടിച്ച് നീക്കുകയാ യിരുന്നു. അന്നത്തെ ജലസമാധിക്ക് എനിക്ക് എത്താൻ കഴിഞ്ഞില്ല.

ഡോംഗടിയിൽ വെള്ളം കയറി ക്കൊണ്ടിരിക്കുന്ന സമയത്ത് വീണ്ടും ജലസമാധി വേണ്ടി വന്നേ ക്കുമെന്ന സാഹചര്യം വന്നപ്പോൾ ഞാൻ അവിടെ പോയിരുന്നു. സ്ഥ ലം നഷ്ടമാകുന്നതിന് നഷ്ടപരി ഹാരം കിട്ടിയാൽ സമരത്തിൽ നി ന്നും പിന്മാറിക്കൂടെ എന്ന് അന്ന് ഞാൻ മോഹൻഭായിയോട് ചോദി ച്ചു. എത്ര തുക കിട്ടിയാലും ആദി വാസികൾ അത് ചെലവാക്കും. നഗ രങ്ങളിൽ പോയി ചെറുപ്പക്കാർ ആ വശ്യമില്ലാത്തതെല്ലാം വാങ്ങും. അ തുകൊണ്ട് പണമൊരു പരിഹാരമ ല്ലെന്ന് അദ്ദേഹം പറഞ്ഞു. പുനരധി വാസത്തിന് പകരം സ്ഥലം നൽകി യാൽ ആലോചിക്കാമെന്ന് അദ്ദേ ഹം പറഞ്ഞു. പക്ഷെ അവിടെ ഞ ങ്ങളുടെ കാടുണ്ടായിരിക്കണം, പുഴ യുണ്ടായിരിക്കണം, കന്നുകാലിക്ക് മേയാനുള്ള സ്ഥലമുണ്ടായിരിക്ക ണം, ഞങ്ങളുടെ പവിത്രവൃക്ഷങ്ങ ളുണ്ടായിരിക്കണം, ഞങ്ങളുടെ ദൈ വവും അവിടെയുണ്ടായിരിക്കണം. അദ്ദേഹം പറഞ്ഞു. എന്താണ് നി ങ്ങളുടെ ദൈവമെന്ന് ഞാൻ ചോദി ച്ചു. കടുവയാണ് ഞങ്ങളുടെ ദൈ വം എന്നായിരുന്നു മറുപടി. വന ത്തിലെ ഏറ്റവും ഉയർന്ന തലത്തി ലുള്ള മൃഗമാണ് കടുവ. കടുവയു ണ്ടെങ്കിൽ അവിടെ സർവ്വ മൃഗങ്ങളു മുണ്ടാകും. ആ ജീവികളോടൊത്താ ണ് പതിനായിരം വർഷമായി ഈ ജനത ഇവിടെ ജീവിക്കുന്നത്. കടു വ വന്ന് ആടിനെ പിടിച്ചുകൊണ്ട് പോകുന്നതിനൊന്നും അവർക്ക് പ രാതിയില്ല. ആടിനെ പിടിക്കുന്ന ക ടുവയെ വെടിവച്ച് കൊല്ലണമെന്നും അവർക്കില്ല. കടുവയുള്ള കാട്ടിലും മനുഷ്യർക്ക് കഴിയാം, മനുഷ്യന്റെ ജീവിതാവശ്യങ്ങൾ ഇത്രമാത്രമേയു ള്ളൂ, എന്നെല്ലാം അവരുടെ ജീവിത ത്തിൽ നിന്നും തിരിച്ചറിഞ്ഞു. യാ തൊരു പിരിമുറുക്കവുമില്ലാത്ത സമൂ ഹത്തെയാണ് അവിടെ കാണാൻ കഴിഞ്ഞത്.

ജീവിതാവശ്യങ്ങൾ കൂടുതലാ യതായിരുന്നു ഹാരപ്പ സംസ്കാരം ഇല്ലാതാകാനുള്ള കാരണം. അവർ ക്ക് എക്സ്പ്രസ് ഹൈവേ പോലെ യുള്ള റോഡ് വേണമായിരുന്നു, ഇ രുനില കെട്ടിടങ്ങൾ വേണമായിരു ന്നു, ശേഖരിച്ച് വയ്ക്കുന്ന വമ്പൻ കലവറകൾ വേണമായിരുന്നു, അ തിനെല്ലാമായി അവർ ധാരാളം മര ങ്ങൾ മുറിച്ചുമാറ്റി. ഇഷ്ടികയുണ്ടാ

ക്കാനായി മണ്ണ് ധാരാളമെടുത്തു. ഹാരപ്പൻ സംസ്കാരത്തിന്റെ ബാക്കിയായി അവിടെ ഇന്ന് കാണുന്നത് മരുഭൂമിയാണ്. മരുഭൂമിയായി ത്തീർന്നതിന്റെ കാരണം ആ സംസ്കാരത്തിൽ നിന്നും കണ്ടെടുക്കാൻ കഴിയും. ലോകത്തുണ്ടായിരുന്ന ഏത് മഹത്തായ സംസ്കാരങ്ങളെടുത്താലും ഇന്ന് കാണാൻ കഴിയുന്നത് മരുഭൂമികളോ തകർന്നുപോയ കെട്ടിടാവശിഷ്ടങ്ങളോ ആണ്. മനുഷ്യവാസം എവിടെയുമില്ല. നൈൽ നദീതീരത്തെ പിരമിഡുകളോട് ചേർന്ന് ഇന്ന് ഈജിപ്ഷ്യൻ മരുഭൂമിയാണ്, യൂഫ്രടീസിലും ടൈഗ്രീസിലും അറേബ്യൻ മരുഭൂമിയാണ്. ഹാരപ്പാ സംസ്കാരം നിലനിന്ന സ്ഥലത്ത് താർ മരുഭൂമിയാണ്.

എങ്ങിനെയാണ് ഈ മരുഭൂമികൾ ഉണ്ടായത് എന്നതിന്റെ ദൃഷ്ടാന്തം ഇതാണ്. മനുഷ്യന്റെ ആർത്തിയിൽ നിന്നാണ് മരുഭൂമികളുണ്ടാകുന്നത് എന്ന പാഠമാണ് പുരാതനസംസ്കാരങ്ങൾ നമ്മളെ പഠിപ്പിക്കുന്നത്. എന്റെ പാരിസ്ഥിതിക വിജ്ഞാനത്തിലെ ഏറ്റവും ശ്രേഷ്ഠമായ ഈ അറിവ് എനിക്ക് കിട്ടിയത് നർമ്മദയിൽ നിന്നുമാണ്. അതാണ് നർമ്മദയുമായുള്ള എന്റെ ആത്മബന്ധം.

### അഹിംസ

എത്രസമരങ്ങളാണ് നർമ്മദയിൽ നടന്നത്. ഒരിക്കൽപ്പോലും ഹിംസാത്മകമായ സമരമാർഗ്ഗമുണ്ടായിട്ടില്ല. പൊലീസിന്റെ ഭാഗത്ത് നിന്നും വെടിവയ്പ്പുണ്ടായത് ഒരിക്കൽ മാത്രമാണ്. വെടിവയ്പ്പിനെ ചെറുക്കാനായി ഗ്രാമീണർ തിരിച്ച് അമ്പെയ്തു. അതുമാത്രമാണ് എന്റെ ഓർമ്മയിൽ സമരത്തിന്റെ ഭാഗമായി ആകെയുണ്ടായ ഹിംസാത്മകമായ നീക്കം. സമരത്തിലുടനീളം അഹിംസ നിലനിർത്താൻ മേധ ശ്രമിച്ചിരുന്നു.

സർദ്ദാർ സരോവർ ഡാം സൈറ്റ് ആദ്യമായി കാണുമ്പോൾ ഒരു യുദ്ധഭൂമിപോലെയാണ് എനിക്ക് തോന്നിയത്. ശരിക്കും ഇത് യുദ്ധം തന്നെയാണ്. യന്ത്രങ്ങളില്ലാത്ത നിസ്സഹായരായ ഗ്രാമീണരും ആദിവാസികളും കൃഷിക്കാരും ഒരുഭാഗത്ത്, എല്ലാവിധ യന്ത്രങ്ങളും സൈന്യവുമുള്ള സർക്കാരും ഉദ്യോഗസ്ഥന്മാരും ദല്ലാൾമാരും മറുഭാഗത്ത്. വിജയവും പരാജയവുമുണ്ടാകാത്ത യുദ്ധം.

### കേരളത്തിന്റെ പങ്കാളിത്തം

നർമ്മദ വിഷയം കേരളത്തിൽ ആദ്യമറിയുന്നത് ഞാനാണ്. ഇവിടെ നിന്നും കിട്ടിയ സ്ലൈഡുകളും വിവരങ്ങളുമൊക്കെയായി ഞാൻ കേരളത്തിൽ പോയി പല സ്ഥലങ്ങളിലും കാണിച്ചു. ആയിടക്കാണ് ഡൈനാമിക്ക് ആക്ഷന്റെ പ്രവർത്തകനായ കെ.എം. തോമസിനെ പരിചപ്പെടുന്നത്. സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റി(എസ്.സി.എം)ന്റെ പ്രവർത്തകരെക്കൂടി നർമ്മദ സമരത്തിൽ ഉൾപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു. വിനോദ്, ജോ, വിജയൻ തുടങ്ങിയ ഇപ്പോഴും സജീവമായി നിൽക്കുന്ന പല ചെറുപ്പക്കാരും അന്ന് എസ്.സി.എമ്മിലാണ്. നർമ്മദയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഞാൻ അവർക്ക് നൽകി. ഇടതുമുന്നണിയെ ജയിപ്പിക്കുന്നതിനായി തിരഞ്ഞെടുപ്പ് പ്രചാരണ വേദികളിൽ പാട്ടുപാടുക തുടങ്ങിയ പ്രവർത്തനങ്ങളായിരുന്നു അന്നവർ നടത്തിയിരുന്നത്. നർമ്മദ സമരത്തെ പരിചയപ്പെടുന്നതോടെയാണ് പാരിസ്ഥിതിക അവബോധം അവർക്കുണ്ടാകുന്നത്.

അക്കാലത്ത് പയ്യന്നൂരിൽ ജോൺസി മാഷിന്റെയും രാമചന്ദ്രന്റെയുമൊക്കെ നേതൃത്വത്തിൽ നർമ്മദയുടെ കാര്യങ്ങൾ വിശദീകരിക്കുന്നതിനായി ഒരു യോഗം നടത്തി. നർമ്മദയ്ക്ക് വേണ്ടി എസ്.സി. എമ്മിലെ കുട്ടികൾ കേരളത്തിലുടനീളം നടന്ന് പണം പിരിച്ചു. സൂചീമുഖിയിലും ഒരേ ഭൂമി ഒരേ ജീവനിലുമെല്ലാം ഞാൻ നിരവധി ലേഖനങ്ങളെഴുതി. ഗുജറാത്ത് മുഖ്യമന്ത്രിക്കും പ്രധാനമന്ത്രിക്കുമെല്ലാം കത്തുകളെഴുതാൻ ആഹ്വാനം ചെയ്തു. കേരളത്തിൽ നിന്നായിരിക്കാം ഒരു പക്ഷെ ഏറ്റവും കൂടുതൽ കത്തുകൾ പോയത്.

തൃശൂരിൽ സഹ്യാദ്രി എന്നൊരു ഗ്രൂപ്പുണ്ടായിരുന്നു. സ്വാമിനാഥന്റെ നേതൃത്വത്തിലുണ്ടായിരുന്ന ആ ഗ്രൂപ്പാണ് പിന്നീട് ആൾട്ടർമീഡിയയെല്ലാം തുടങ്ങുന്നത്. കേരളത്തിന് പുറത്തുള്ള കാര്യങ്ങളിൽ ഇടപെടുന്നതിന് അവർ എന്നെയാണ് നിയോഗിക്കാറുള്ളത്. അങ്ങിനെ ഇടയ്ക്കിടെ നർമ്മദയിൽ എത്തിച്ചേരാൻ എനിക്ക് കഴിഞ്ഞു. ശരത്ചന്ദ്രൻ എന്നോടൊപ്പം നർമ്മദയിലേക്ക് വരുന്നത് ആ സമയത്താണ്. അവിടെ നിന്നും സ്ലൈഡുകൾ കൊണ്ടുവന്ന് ഞാനും ശരത്തും പലസ്ഥലത്തും കാണിച്ചു. പരിസ്ഥിതി വിദ്യാഭ്യാസം ജനകീയമാക്കുന്നതിൽ ഞങ്ങളുടെ പ്രദർശനങ്ങൾക്ക് ഒരു പങ്കുണ്ടായിരുന്നു. ഭോപ്പാൽ സംഭവം കൂടി കഴിയുമ്പോഴാണ് നർമ്മദ സമരവും സജീവമാകുന്നത്. ഫൈൻ ആർട്സ് കോളേജിലെ വിദ്യാർത്ഥികളെക്കൊണ്ട് ഭോപ്പാലിന്റെ പോസ്റ്ററുകൾ ചെയ്ത് ഗ്രാമങ്ങളിൽ ഞങ്ങൾ പ്രദർശിപ്പിച്ചു. യൂത്ത് ഫോർ ആക്ഷൻ, നക്സലൈറ്റ് പ്രസ്ഥാനത്തിൽ നിൽക്കുന്ന കുട്ടികൾ, സിമിയുടെയും ആർ. എസ്. എസിന്റെയും പ്രവർത്തകർ തുടങ്ങിയവരെല്ലാം അന്ന് നർമ്മദ ക്യാമ്പയിനിൽ പങ്കെടുത്തിരുന്നു.

ഇപ്പോഴും കേരളത്തിന്റെ നിറഞ്ഞ സാന്നിധ്യം നർമ്മദയിലുണ്ട്. പക്ഷെ കേരളീയർ എന്ത് ഉൾക്കൊള്ളുന്നു എന്നതിനെക്കുറിച്ച് എനിക്ക് സംശയമുണ്ട്. മേധയിൽ നിന്നും സാമൂഹ്യപ്രവർത്തകർക്ക് ഒരുപാട് പാഠങ്ങൾ പഠിക്കാനുണ്ട്. എന്നാൽ കേരളം എത്രത്തോളം അതെല്ലാം സ്വാംശീകരിച്ചു എന്നതിനെക്കുറിച്ച് സംശയമുണ്ട്. കൂട്ടായ്മകളെല്ലാം കുറഞ്ഞ് ചെറുസംഘങ്ങളായി ചുരുങ്ങിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് ഇന്ന് മലയാളികൾ. എന്റേതായ ഒരു പ്രശ്നവും അതിലുണ്ട്. ഇത് ചെറുസംഘങ്ങളുടെയും സമഗ്രവ്യക്തിത്വങ്ങളുടെ കാലമാണെന്ന് ഒരിക്കൽ ഞങ്ങൾ വിളിച്ച് പറഞ്ഞിരുന്നു. കേരളത്തിൽ കൂട്ടായ്മ എന്ന പദത്തിന്റെ അർത്ഥം കൂട്ടം ചേരുക എന്നതല്ല, കൂട്ടത്തിൽ നിന്നും പലരേയും ഒഴിവാക്കുക എന്നതാണ്. സുബ്രഹ്മണ്യദാസ് എന്ന ആത്മഹത്യ ചെയ്ത സുഹൃത്ത് കുറിച്ചിട്ടതുപോലെ കേരളം ഒരു തോറ്റജനതയാണ്. അതാണ് ശരിയും.